# DIRECTORATE OF HEALTH SERVICES

Vanchiyoor.P.O. Thiruvananthapuram. Pin – 695035
Ph:0471-2302490 Fax:0471-2303025/2303080
**Email:** dhskerala@gmail.com
**Website:** www.dhs.kerala.gov.in


ഇ.എച്ച്.1-46690/16/ ആ.വ.ഡ.                                   തിരുവനന്തപുരം തീയതി.26.03.2018

## സർക്കുലർ

വിഷയം: ആരോഗ്യവകുപ്പ് – 2018-ലെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച് .

സൂചന: 1. ഇ.എച്ച്.1-46690/16/ ആ.വ.ഡ. തീയതി. 22.03.2018

സൂചന പ്രകാരം നൽകിയിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് പുറമേ താഴെ പറയുന്ന കാര്യങ്ങളിൽ കൂടി അടിയന്തിരശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 (സൂപ്പർന്യൂമററി ലെപ്രസി - NLEP ), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 (ബൈട്രാൻസ്ഫർ) ഇന്നീ തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 എന്നീ തസ്തികകളിലെ ജീവനക്കാർക്കൊപ്പമാണ് സ്പാർക്കിൽ ഉൾപ്പെട്ടിരിക്കുന്നത്. 2017-ലെ പൊതുസ്ഥലം മാറ്റത്തിനായി ഓൺ ലൈനായി അപേക്ഷകൾ സ്വീകരിക്കുമ്പോൾ രണ്ടു തസ്തികകളിലെ ജീവക്കാരും ഒരേ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ഇതു പരിഹരിക്കുന്നതിനായി സ്പാർക്കിൽ പ്രത്യേകം ഔദ്യോഗികനാമങ്ങൾ താഴെ പറയുന്ന പ്രകാരം പുതുതായി ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ മേൽ സൂചിപ്പിച്ചിരിക്കുന്ന തസ്തികളിൽ ജോലിചെയ്യുന്ന ജീവക്കാരുടെ ഔദ്യോഗിക നാമങ്ങൾ സ്പാർക്കിൽ പുതുതായി ഉൾപ്പെടുത്തിയിരിക്കുന്ന ശരിയായ ഔദ്യോഗിക നാമങ്ങളിൽ ഉൾപ്പെടുത്തുന്നതിനും സർവ്വീസ് ഹിസ്റ്ററി ശരിയായ രീതിയിൽ പരിഷ്കരിക്കുന്നതിനും എല്ലാ സ്ഥാപന മേധാവികൾകൾക്കും ജില്ലാ മേഡിക്കൽ ഓഫീസർമാർക്കും ഇതിനാൽ നിർദ്ദേശം നല്കുന്നു. 31.03.2018 -ന് മുൻപ് ഈ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 (സൂപ്പർന്യൂമററി ലെപ്രസി - NLEP )

1. **Health Inspector Gr.II (Supernumerary- NLEP)**
2. **Health Inspector Gr.II 22 yers HG (Supernumerary- NLEP)**

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 (ബൈട്രാൻസ്ഫർ)

1. **Junior Health Inspector Gr.II (By transfer)**
2. **Junior Health Inspector Gr.II 8 years HG (By transfer)**
3. **Junior Health Inspector Gr.II 15 years HG (By transfer)**

ജില്ലക്ക് പുറത്തേക്ക് സ്ഥലം മാറ്റത്തിനർഹതയുള്ള എല്ലാ തസ്തികയിലെ ജീവനക്കാർക്കും (ഉദാ: Senior Clerk, Jr. H.I Grade I, Jr. PHN Grade I, Staff Nurse Grade I, Lab-Tech. Grade I, Pharmacist Grade I etc.) ജില്ലകൾ തിരഞ്ഞെടുക്കുന്നതിനും ഈ ജില്ലകളിലെ എല്ലാ ഒഴിവുകളിലേക്കും മുൻഗണനാക്രമത്തിൽ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാവുന്നതുമാണ് ഇത്തരത്തിൽ ഒന്നാമത്തെ ഓപ്ഷൻ ലഭിക്കുന്നവർക്ക് ഇതിനുശേഷമുള്ള ഓപ്ഷനുകൾ റദ്ദാകുന്നതാണ്. പുറകിലുള്ള ഓപ്ഷനുകളിൽ ഏതെങ്കിലുമാണ് ലഭിക്കുന്നതെങ്കിൽ ആദ്യത്തെ ഓപ്ഷനുകളിലേക്ക് അടുത്ത പൊതുസ്ഥലം മാറ്റത്തിനുള്ളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ക്യൂ ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതാണ്.

ഒപ്പ്
ഡോ. ആർ.എൽ.സരിത
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താക്കൾ – 14 ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/ എല്ലാ സ്ഥാപന മേധാവികൾകൾക്കും/ ജീവനക്കാർക്കും

പകർപ്പ് 1. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.
1. ഫയൽ

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്